
# ആശങ്കകളുടെ ചുഴിക്കുത്തുകൾ



എൻ.പി. ഹാഫിസ് മുഹമ്മദ്

nphafiz@gmail.com



Teens Chat

എൻെറ വിദ്യാർഥിനിയായിരുന്ന ഹയർസെക്കൻഡറി സ്കൂൾ അധ്യാപിക, ഫോണിലൂടെ അവളുടെ വേവലാതിയറിയിച്ചു."സർ, ഒരു പ്രോബ്ലം. ഞാനകപ്പാടെ പുലിവാല് പിടിച്ച മട്ടിലായിരിക്കുന്നു."

" എന്താണ് പ്രശ്നം ?'' ഞാനന്വേഷിച്ചു

അവൾ പറഞ്ഞു: എനിക്ക് മിടുമിടുക്കനായ ഒരു വിദ്യാർഥിയുണ്ട്. പ്ലസ്‌വണ്ണിലാ. ഹ്യൂമാനിറ്റീസ്. അവന് പ്ലസ് ടു കഴിഞ്ഞ് ഏത് കോഴ്സിന് ചേരണമെന്നത് വല്യ സംശയാണ്. നിൻെറ അഭിരുചിക്കനുസരിച്ച് ' ഒരുകോഴ്സിന് ചേരണമെന്ന് ഞാനുത്തരവും നല്കി. അവന് അവൻെറ അഭിരുചിയെന്താണെന്ന് അറിയാനാവുന്നില്ലെന്ന്. അവന് ഏതെല്ലാം മേഖലകളിൽ കഴിവുകളുണ്ടെന്നത് ഞാനന്വേഷിച്ചു. പലവിധ കഴിവുകളുണ്ടവന്. പ്രസംഗിക്കും, എഴുതും. സേവനപ്രവർത്തനങ്ങളിൽ ആക്ടീവാണ്. ആദ്യം പറഞ്ഞു, സോഷ്യൽവർക്ക് പഠിച്ചാലോന്നാ വിചാരിക്കണതെന്ന്. എന്തായിത്തീരണമെന്നാണ് ആഗ്രഹമെന്ന് ചോദിച്ചു. കരിയർ ഗോൾ പറയാൻ പറഞ്ഞു. ജേണലിസ്റ്റാവാനാ തോന്നുന്നേ. അങ്ങനെയാണെങ്കിൽ എം.സി.ജെ. പഠിക്കണമെന്നും ഡിഗ്രിക്ക് ഇംഗ്ലീഷോ ബി.സി.ജെ.യോ എടുത്താൽ മതിയെന്നും നിർദേശിച്ചു. അപ്പോ അവൻ പറയ്വാ, ചിലപ്പോ സോഷ്യൽ വർക്ക് പഠിച്ചാലെന്താന്ന് തോന്നുന്ന്. അപ്പോ ഏത് കോഴ്സിന് ചേർന്നാലും പ്രശ്നമില്ല, എസ്.ഡബ്ല്യൂവിന് ടെസ്റ്റെഴുതി സീറ്റ് കിട്ടുന്ന് ഞാൻ പറഞ്ഞു. അതൊക്കെ കേട്ടുപോയ ആള് നാല് ദിവസം കഴിഞ്ഞ് വന്ന് ചോദിക്യാണ്, ടീച്ചർ, ഡവലപ്മെൻറൽ സ്റ്റഡീസ് പഠിച്ചാലോന്ന് ? യു എന്നിലൊക്കെ ജോലി കിട്ടുല്ലോയെന്നും. അതിനെക്കുറിച്ച് സംസാരിച്ച് കഴിഞ്ഞയുടനെ അവൻ പറയ്വാ. പേഴ്സണൽ മേനേജ്മെൻേറാ ഹോസ്പിറ്റാലിറ്റി മാനേജ്മെൻറോ പഠിച്ചാലോന്ന് .'

ഞാൻ അറിയാതെ പറഞ്ഞുപോയി: ' മിടുക്കൻ ആളൊരു കൺഫ്യൂഷ്യസ് ആണല്ലോ ?''

അവൻ പറഞ്ഞു: ' ടോട്ടൽ കൺഫ്യൂഷ്യസ്...'

## പഠനകാര്യത്തിലെ സംശയച്ചുഴി

കൗമാരക്കാരിൽ പലരുമിങ്ങനെ : എന്ത് പഠിക്കണം, എന്ത് ചെയ്യണം, ആരായിത്തീരണം, ആരെ പ്രേമിക്കണം, ഇന്നേത് കുപ്പായമിടണം, എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സംശയാലുക്കളായി കഴിയുന്നു. അത് ചെയ്യാമെന്ന് വിചാരിക്കും. രണ്ട് നിമിഷം കൊണ്ട് മനസ്സ് മാറും. അത് വേണ്ട, ഇത് മതി. ഒരു തീരുമാനമെടുത്ത് ശ്വാസം വിടുമ്പോഴേക്ക് സംശയം; ഇതെനിക്ക് ഇണങ്ങിയതാണോ ? എനിക്കിതു പറ്റ്വോ? ചിലപ്പോൾ, അതുമിതും വേണ്ട. മറ്റൊന്ന് ,അട്ടർ കൺഫ്യൂഷൻ !

സംശയവും ആശങ്കയും കൗമാരത്തിൻെറ സവിശേഷതകളാണ്. പഠനകാര്യത്തിൽ ഈ പ്രശ്നവുമായി ധാരാളം കുട്ടികൾ സമീപിക്കാറുണ്ട്. ' ഏത് സ്ട്രീമിന് ചേർന്നാലാണ് സ്കോപ്പ്, സർ ?' അധ്യാപകർ മിടുക്കരായ വിദ്യാർഥികളോട് പറഞ്ഞിരിക്കും. സയൻസിന് ചേർന്നോളൂ. അതു കഴിഞ്ഞാൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പോകാം. ഇനിയതൊന്നും വേണ്ടെങ്കിൽ ഇംഗ്ലീഷിനോ സോഷ്യോളജിക്കോ ജേണലിസത്തിനോ ചേരാം. ചിലർ കൂടുതൽ സംശയാലുക്കളാകുന്നു. ഇതിനൊക്കെ ചേരാൻ എന്തിനാ ഫിസിക്സ് പഠിക്കുന്നത് ? ഹ്യൂമാനിറ്റീസ് എനിക്കിഷ്ടാ. അപ്പോ, എനിക്ക് എൻജിനീയറിങ്ങിന് പോകാൻ പറ്റ്വോ? പഠനകാര്യത്തിൽ പലരുടെയും സ്ഥിതിയിങ്ങനെയൊക്കെയാണ്. സംശയങ്ങളുടെ പെരുങ്കയം.

പ്രധാനമായും മൂന്ന് ധാരകളാണ് (Streams) പത്താംക്ലാസ് കഴിഞ്ഞാൽ ഒരു വിദ്യാർഥിയുടെ മുന്നിലുള്ളത്. കൊമേഴ്സ്, ഹ്യുമാനിറ്റീസ്, സയൻസ്. ഇഷ്ടവിഷയമൊന്നായിരിക്കും. കരിയർ ഗോൾ മറ്റൊന്ന്. കെമിസ്ട്രി നന്നേ ഇഷ്ടമുള്ളവന് ഫാഷൻ ഡിസൈനിങ്ങിന് പോകാൻ താത്പര്യം. ഏത് ധാരയിലേക്ക് പ്രവേശിക്കണമെന്ന സംശയം. കൗൺസലർ എന്ന നിലയിൽ മുന്നിലെത്തുന്ന കുട്ടികളോട്, ഈ കോഴ്സിന് ചേർന്നോളൂ എന്ന് പറയാറില്ല. ആ ഒരു വിഷയത്തിലാണ് ഇന്ന് കൂടുതൽ സ്കോപ്പ് എന്നും അറിയിക്കാറില്ല. അത് പറയിക്കുന്നത് പലരുടെയും മുൻവിധികളാണ്. തങ്ങൾക്ക് സാധിക്കാതെപോയത് മക്കളിലൂടെ സഫലീകരിക്കണമെന്നാശിക്കുന്നു ചില മാതാപിതാക്കൾ. ചില രക്ഷിതാക്കൾ ഇന്നതിനേ പോകാവൂ എന്ന് വാശിപിടിക്കുന്നു. ഉള്ള അറിവ് വെച്ച് അധ്യാപകരിൽ പലരും ഉപദേശിക്കുന്നു. കൗമാരക്കാർ തങ്ങളെത്തന്നെ കണ്ടെത്താതെ ഉഴലുന്നു.

> **സംശയവും ആശങ്കയും കൗമാരത്തിൻ്റെ സവിശേഷതയാണ്. കൃത്യമായ മാർഗം ചൂണ്ടിക്കാണിച്ചു കൊടുക്കുകയാണ് പരിഹാരമാർഗം.**

മാതാപിതാക്കൾക്കും അധ്യാപകർക്കും പറഞ്ഞുകൊടുക്കാവുന്ന കാര്യം, കൊമേഴ്സ്- ഹ്യൂമാനിറ്റീസ്- സയൻസ് വിഭാഗങ്ങളിൽ പഠിക്കാനുള്ള വിഷയങ്ങൾ, ഓരോന്നിനും പിന്നാലെ എന്തൊക്കെ പഠിക്കാം, ബിരുദാനന്തരം ഏതൊക്കെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് പോകാം എന്നതൊക്കെ വിശദീകരിച്ച് കൊടുക്കുക എന്നതാണ്. മുമ്പേയുള്ള വിഷയങ്ങളും ന്യൂജനറേഷൻ വിഷയങ്ങളും അത് പഠിച്ചാലുള്ള തൊഴിൽസാധ്യകളേതെന്നും വിദ്യാർഥികൾ മനസ്സിലാക്കിയിരിക്കണം. തങ്ങളുടെ അഭിരുചിയുമായി മാറ്റുരച്ച് നോക്കി, സാധ്യതകൾ സ്വയം വിലയിരുത്തി, ആവശ്യമായ മാർഗനിർദേശങ്ങൾ സ്വീകരിച്ച്, ഏത് പഠിക്കണം എവിടെ പഠിക്കണം എന്ന് ഓരോ വിദ്യാർഥിയും തീരുമാനിക്കുന്നതാണ് ഉചിതം.

## അഭിരുചിയറിഞ്ഞുള്ള തിരഞ്ഞെടുപ്പ്

അഭിരുചി സ്വയമറിയാൻ ചിലർക്ക് സാധിക്കണമെന്നില്ല. അവർചോദിക്കുന്നു: എൻെറ അഭിരുചിയേതാണെന്നറിയാനാവുന്നില്ലല്ലോ ? അറിയാനും പഠിക്കാനും പ്രവർത്തിക്കാനും ഒരാൾക്കുള്ള താത്പര്യവും കഴിവുകളും ചികയുമ്പോൾ ഒരാളിൻെറ അഭിരുചിയുടെ വേരുകൾ കണ്ടെത്താനാവുമെന്ന് കരുതപ്പെടുന്നു. ഏത് വിഷയത്തിലാണ് കൂടുതൽ ആഭിമുഖ്യം ? ഏത് മേഖലയിലാണ് സ്വതഃസിദ്ധമായ കഴിവുകൾ കാണിക്കുന്നത് ? ഏത് രംഗത്താണ് വ്യക്തിപരമായി നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത് ? ഈ ചോദ്യങ്ങളുടെ പ്രതികരണം ആ വ്യക്തിയുടെ അഭിരുചിയറിയാനുള്ള സൂചകങ്ങളാണ്. താത്പര്യം, കഴിവ്, ഭാവന, സർഗാത്മകത, കാര്യനിർവഹണം എന്നിവയിൽ നിന്ന് കൗമാരക്കാരുടെ അഭിരുചി അദൃശ്യമായോ പ്രകടമായോ വെളിപ്പെടുത്തപ്പെടുന്നുണ്ട്. ഒരു കുട്ടിക്ക് ചിത്രരചനയിൽ താത്പര്യം; ചിത്രങ്ങളെ അപഗ്രഥിക്കാനുള്ള കഴിവുമുണ്ട്. നല്ല കളർ സെൻസ്, ചിത്രരചനയിൽ പ്രാഗത്ഭ്യം, ശില്പകലയിലും തച്ചുശാസ്ത്രത്തിലും ചലച്ചിത്രത്തിലും കമ്പം, ഈ കുട്ടിക്കുമുന്നിൽ പലവിധ സാധ്യതകളുണ്ട്. ഫൈൻ ആർട്സ്, ഡിസൈനിങ്, ഫാഷൻ ടെക്നോളജി, കൾച്ചറൽ സ്റ്റഡീസ്, ആർക്കിടെക്ചർ... ഈ വിഷയങ്ങളെക്കുറിച്ച് കൂടുതലായറിഞ്ഞ്, ഒന്നോ രണ്ടോ മേഖലകൾ തിരഞ്ഞെടുക്കാം. ഈ വിഷയങ്ങൾ പഠിക്കാനുള്ള നല്ല സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നത് അപ്പോൾ എളുപ്പകരമാവുന്നു. അവിടെ പ്രവേശനം ലഭിക്കുന്നതിനാവശ്യമായ മാർഗങ്ങൾ പഠിക്കുകയും അതിന് പരിശീലിക്കുകയും ചെയ്യുന്നതോടെ തിരഞ്ഞെടുപ്പ് എളുപ്പമാകുന്നു.

## അഭിരുചി തിരിച്ചറിയാൻ

അഭിരുചി (Aptitude) അറിയാൻ ടെസ്റ്റുകളുണ്ട്. ശാസ്ത്രീയമാർഗങ്ങൾ അവലംബിച്ച് നടത്തുന്ന ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് വഴിയും ഒരാളിൻെറ അഭിരുചി മണ്ഡലങ്ങൾ കണ്ടെത്താനാവും. അഭിരുചി പരീക്ഷ ഏത് കോഴ്സിന് ചേരണമെന്ന് നിർദേശിക്കുന്നില്ല. ഏതു സ്ഥാപനമാണുചിതമെന്നും പറയുന്നില്ല. ചോദ്യാവലിയെ അടിസ്ഥാനമാക്കിയുള്ള അപഗ്രഥനവും നിഗമനവുമാണ് അഭിരുചിപ്പരീക്ഷ. എന്നാലത് ഏതെങ്കിലും ഒരു കോഴ്സ് മാത്രം തിരഞ്ഞെടുക്കാനുള്ള അവസാനവാക്കല്ല.

അഭിരുചിപ്പരീക്ഷയ്ക്കൊപ്പം ഒരു കൗൺസലറുടെയോ സൈക്കോളജിസ്റ്റിൻെറയോ മാർഗനിർദേശങ്ങൾ കൂടി ലഭിക്കുമ്പോൾ സംശയങ്ങൾക്ക് അറുതിവരുത്താൻ കഴിഞ്ഞേക്കും.

അഭിരുചിയറിഞ്ഞ് ലക്ഷ്യമൊരുക്കൂട്ടിയാൽ (Goal Setting) കൗമാരക്കാരുടെ പഠനകാര്യങ്ങളിലെ സംശയം കുറെയൊക്കെ ഒഴിവാക്കാനാകും. അടുത്തപടി എവിടെ പഠിക്കണമെന്നതാണ്. ഏത് വിഷയവും / കോഴ്സും ശ്രേഷ്ഠസ്ഥാപനങ്ങളിൽ പഠിക്കണം. കൗമാരക്കാർക്ക് വിദ്യാഭ്യാസകാര്യത്തിൽ സംശയരഹിതമായ തീരുമാനത്തിലേക്ക് അപ്പോൾ നീങ്ങാനാവും.